സഹകരണ സംഘങ്ങൾക്ക് പ്രവർത്തനാനുമതി

49 (5854) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര സഹകരണ സംഘങ്ങൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ ;

(ബി) വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന സംഘങ്ങളുടെ പരിധിക്കുള്ളിൽ പുതിയ സംഘങ്ങൾ അനുവദിക്കുന്നതു നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നത് സംബന്ധിച്ച് വിശദീകരിക്കുമോ ;

(സി) എങ്കിൽ നിലവിലുള്ള സംഘങ്ങൾ സാങ്കേതികമായി ഇതര സ്വഭാവത്തിലുള്ള വയാണെങ്കിലും അവയുടെ പരിധിയിൽ പുതിയ സംഘങ്ങൾ അനുവദിക്കുന്ന നടപടികൾ ഒഴിവാക്കാമോ ?

ഉത്തരം

(എ) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ആകെ 1664 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. ഇവയെല്ലാം പ്രവർത്തിക്കുന്നവയാണ്. 1969-ലെ കേരള സഹകരണസംഘം നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകിയതിനുശേഷം പ്രത്യേകമായി പ്രവർത്തനാനുമതി നൽകേണ്ടതില്ല.

രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

ജില്ല	എണ്ണം
(1)	(2)
തിരുവനന്തപുരം	272
കൊല്ലം	126
പത്തനംതിട്ട	48
ആലപ്പുഴ	45

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
കോട്ടയം	78
ഇടുക്കി	57
എറണാകുളം	116
തൃശ്ശൂർ	143
പാലക്കാട്	107
മലപ്പുറം	121
കോഴിക്കോട്	210
വയനാട്	28
കണ്ണൂർ	193
കാസർഗോഡ്	94
ഒന്നിൽക്കൂടുതൽ ജില്ലകളിലോ സംസ്ഥാനം മുഴുവനായോ പ്രവർത്തനപരിധിയായി രജിസ്റ്റർ ചെയ്ത സംഘങ്ങൾ	26
ആകെ	1664

(ബി) 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 7(1)(സി) പ്രകാരം ഒരു സംഘം രജിസ്റ്റർ ചെയ്യുമ്പോൾ നിർദ്ദിഷ്ട സംഘത്തിന്റെ പ്രവർത്തന പരിധി അതേവിഭാഗത്തിൽ നിലവിലുള്ള മറ്റൊരു സംഘത്തിന്റെ പ്രവർത്തന പരിധിയിൽ അനുവദിച്ച് നൽകുകയില്ല. ചില പ്രത്യേക വിഭാഗം സംഘങ്ങൾക്ക് ടി വ്യവസ്ഥയിൽനിന്നും സ്ഥിരമായി സർക്കാർ ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ചില സംഘങ്ങളുടെ പ്രവർത്തന പരിധിയിലെ ജനസംഖ്യ, ബാങ്കിംഗ് സൗകര്യങ്ങളുടെ കുറവ്, ഉയർന്നതോതിലുള്ള നിക്ഷേപലഭ്യത, മേഖലയിലെ സാമ്പത്തിക പരാധീനതകൾ, വായ്പാലഭ്യത വർദ്ധിപ്പിക്കേണ്ട സാഹചര്യം, സംഘങ്ങളുടെ കൈവശമുള്ള നിക്ഷേപങ്ങളുടെ ഫലപ്രദവും കാര്യക്ഷമവുമായ വിനിയോഗം തുടങ്ങിയ വിവിധ കാരണങ്ങളാൽ മറ്റൊരു സംഘത്തിന് ടി പ്രവർത്തന പരിധിയിലെ ചില പ്രദേശങ്ങളിൽ പ്രവർത്തനാനുമതി നൽകേണ്ട സാഹചര്യം ഉണ്ടെന്ന് സർക്കാരിന്

LIBRARY ARCHIVES Kerala Legislative Assembly

ബോധ്യപ്പെടുന്നപക്ഷം ബന്ധപ്പെട്ട നിയമവ്യവസ്ഥയിൽനിന്നും ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ച് നൽകാറുണ്ട്. അപ്രകാരം ഉത്തരവ് നൽകുമ്പോൾ ടി പ്രവർത്തന പരിധിയിൽ നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനങ്ങളെയും നിലനിൽപ്പിനെയും ദോഷകരമായി ബാധിക്കുമോയെന്നതുകൂടി പരിഗണിക്കാറുണ്ട്.

(സി) സഹകരണ നിയമം വകുപ്പ് 7(1)(സി) പ്രകാരം ഇതര സ്വഭാവത്തിലുള്ള സംഘങ്ങൾ നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ അനുവദിക്കുന്നതിന് തടസ്സമില്ല. സഹകരണ ചട്ടം 15 പ്രകാരമുള്ള ഓരോതരം സംഘങ്ങളുടെയും മുഖ്യ ഉദ്ദേശ്യലക്ഷ്യം വ്യത്യസ്തവും ഒരു പ്രത്യേക മേഖലയുടെക്ഷേമം ലക്ഷ്യമാക്കിയുള്ളതുമാണ്. ആകയാൽ ഇതര സ്വഭാവത്തിലുള്ള പുതിയ സംഘങ്ങൾ നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ അനുവദിക്കുന്നത് ഒഴിവാക്കേണ്ട സാഹചര്യം [illegible]

ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയിലെ നിയമനം

50 (5855) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയിലേക്ക് നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്ര ഒഴിവുകൾ മാറ്റിവയ്ക്കണമെന്ന് ബഹു. സുപ്രീം കോടതി ഇടക്കാല ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്; എന്നാണ് വ്യക്തമാക്കിയത്;

(ബി) പ്രസ്തുത ഇടക്കാല ഉത്തരവില്ലാതെ പ്രസ്തുത തസ്തികയിൽ നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ എന്തെങ്കിലും നിയമ തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 8-10-2013-ലെ ഇടക്കാല ഉത്തരവ് പ്രകാരം 7 ഒഴിവുകളും 17-12-2013-ലെ ഇടക്കാല ഉത്തരവ് പ്രകാരം 14 ഒഴിവുകളും 9-1-2015-ലെ ഇടക്കാല ഉത്തരവ് പ്രകാരം 10 ഒഴിവുകളും (ആകെ 31 ഒഴിവുകൾ) ഹർജിക്കാർക്കുവേണ്ടി മാറ്റിവയ്ക്കാൻ ഉത്തരവായിട്ടുണ്ട്.

(ബി) 8-10-2013, 17-12-2013 എന്നീ തീയതികളിലെ ഇടക്കാല ഉത്തരവ് പ്രകാരം ഹർജിക്കാർക്കായി നീക്കിവച്ച 21 ഒഴിവുകളിൽ ഹർജിക്കാർ ഒരു ജില്ലയിലേയ്ക്കും അപേക്ഷിച്ചിട്ടില്ലാത്തതിനാൽ ടി ഒഴിവുകൾ ഏത് ജില്ലയ്ക്കാണ് മാറ്റിവയ്ക്കേണ്ടത് എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ലഭിക്കേണ്ടതുണ്ട്. ആയത് ലഭ്യമായശേഷമേ ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശുപാർശ നൽകുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly